# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:11.08.2024**

1. **വിശ്വകായിക മഹാമേള - ഒളിമ്പിക്സിന് ഇന്ന് പാരീസിൽ സമാപനം; അടുത്ത ഒളിമ്പിക്സ് ലോസ് ഏഞ്ചൽസിൽ.**

2. **അത്യുൽപ്പാദന ശേഷിയുള്ളതും കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കുന്നതുമായ 109 കാർഷിക വിളയിനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പുറത്തിറക്കും.**

3. **വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ ജനകീയ തെരച്ചിൽ തുടരുന്നു; ഉരുൾപൊട്ടൽ ദുരന്തത്തിനിടയാക്കിയത് കനത്ത മഴയെന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പ്രാഥമിക റിപ്പോർട്ട്.**

4. **ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പുകളിൽ കഴിയുന്നവർക്ക് താൽക്കാലിക പുനരധിവാസത്തിനായുള്ള നടപടികൾ സജീവം; പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് അഞ്ചംഗ സമിതിയെ നിയോഗിച്ചു.**

5. **മുസ്ലിം ലീഗ് നേതാവും മുൻ മന്ത്രിയുമായ കുട്ടി അഹമ്മദ് കുട്ടി അന്തരിച്ചു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ അനുശോചിച്ചു.**

6. **നിറപുത്തരി പൂജക്കായി ശബരിമല ക്ഷേത്ര നട ഇന്ന് തുറക്കും; നിറപുത്തരി പൂജ നാളെ.**

RNU TVPM

*************************************************************

ഹെഡ്ലൈൻ-2

109 കാർഷിക വിളയിനം-പ്രധാനമന്ത്രി

അത്യുൽപ്പാദന ശേഷിയുള്ളതും കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കുന്നതുമായ 109 കാർഷിക വിളയിനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പുറത്തിറക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ 34 വയൽ വിളകളും, 27 പഴം-പച്ചക്കറി വിളകളും ഉൾപ്പെടെയുള്ളവയുടെ വ്യത്യസ്ത ഇനങ്ങളാണ് പുറത്തിറക്കുന്നത്. ചെറുധാന്യങ്ങൾ, തീറ്റവിളകൾ, എണ്ണക്കുരുക്കൾ, പയർവർഗ്ഗങ്ങൾ, കരിമ്പ്, പരുത്തി എന്നിവയുൾപ്പെടെ വിവിധ ധാന്യങ്ങളുടെ വിത്തുകളും പുറത്തിറക്കുന്നവയിൽ ഉൾപ്പെടുന്നു.

****************************************

ഹെഡ്ലൈൻ-3

വയനാട്-തിരച്ചിൽ( ഇൻട്രോ)

വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ ജനകീയ തെരച്ചിൽ തുടരുന്നു. മുണ്ടക്കൈ, ചൂരൽമല ഉൾപ്പെടെയുള്ള ആറ് മേഖലകൾ കേന്ദ്രീകരിച്ചാണ് ജനകീയ തെരച്ചിൽ നടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.......

( വോയിസ് )

****************************************

RNU TVPM

## ഹെഡ്‌ലൈൻ-3എ

## ജിയോളജിക്കൽ സർവ്വേ റിപ്പോർട്ട്

വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തത്തിനിടയാക്കിയത് കനത്ത മഴയെന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പ്രാഥമിക റിപ്പോർട്ട്. സ്ഥലത്തിന്റെ ചെരിവും മണ്ണിന്റെ ഘടനയും ആഘാതം ഇരട്ടിയാക്കിയെന്നും റിപ്പോർട്ടിൽ പറയുന്നു. തുടർച്ചയായി മഴ പെയ്ത് നനഞ്ഞു കുതിർന്ന് കിടന്ന പ്രദേശത്ത്, വീണ്ടും ശക്തമായ മഴയുണ്ടായപ്പോൾ മർദ്ദം താങ്ങാനായില്ലെന്നും ഉരുൾപൊട്ടലിനിടയായെന്നുമാണ് കണ്ടെത്തൽ.

****************************************

## ഹെഡ്‌ലൈൻ-4

## തൽക്കാലിക പുനരധിവാസം - വയനാട്

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിനെ തുടർന്ന് ക്യാമ്പുകളിൽ കഴിയുന്നവർക്ക് താൽക്കാലിക പുനരധിവാസത്തിനായുള്ള നടപടികൾ ഊർജ്ജിതമാക്കി. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അഞ്ചംഗ സമിതി രൂപീകരിച്ചു. താൽക്കാലിക പുനരധിവാസത്തിനായി തദ്ദേശ സ്വയംഭരണവകുപ്പും പൊതുമരാമത്ത് വകുപ്പും കണ്ടെത്തിയ 65 കെട്ടിടങ്ങൾ ഉപയോഗ സജ്ജമാക്കിക്കഴിഞ്ഞു. വാടകനൽകി ഉപയോഗിക്കാവുന്ന 286 വീടുകളും കണ്ടെത്തി. വാടക സംബന്ധിച്ച് സർക്കാർ മാർഗനിർദേശം പുറത്തിറക്കിയിട്ടുണ്ട്. സമിതി നൽകുന്ന റിപ്പോർട്ട് അടിസ്ഥാനമാക്കി താൽക്കാലിക പുനരധിവാസത്തിന് വിശദമായ രൂപരേഖ തയാറാക്കും.

****************************************

RNU TVPM

## കെ. നട്‌വർ സിംഗ്

മുൻ വിദേശകാര്യ മന്ത്രി കെ. നട്‌വർ സിംഗ് അന്തരിച്ചു. സംസ്കാരം ഇന്ന് ഡൽഹിയിൽ നടക്കും. 2004 -05 കാലഘട്ടത്തിൽ മൻമോഹൻസിംഗ് മന്ത്രിസഭയിൽ വിദേശകാര്യമന്ത്രിയായിരുന്ന നട്‌വർ സിംഗ് നിരവധി പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. 1984-ൽ രാജ്യം അദ്ദേഹത്തിന് പത്മഭൂഷൺ നൽകി ആദരിച്ചു. നട്‌വർ സിംഗിന്റെ നിര്യാണത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ അനുശോചനം രേഖപ്പെടുത്തി.

****************************************

ഹെഡ്‌ലൈൻ-5

## കുട്ടി അഹമ്മദ് കുട്ടി

മുസ്ലിം ലീഗ് നേതാവും മുൻ മന്ത്രിയുമായ കുട്ടി അഹമ്മദ് കുട്ടി അന്തരിച്ചു. 70 വയസ്സായിരുന്നു. വാർധക്യ സഹജമായ അസുഖങ്ങളെത്തുടർന്ന് താനൂരിലെ വസതിയിലായിരുന്നു അന്ത്യം. 2004-ലെ ഉമ്മൻ ചാണ്ടി മന്ത്രി സഭയിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ആയിരുന്നു. മൂന്ന് തവണ എംഎൽഎ ആയ അദ്ദേഹം 1992-ൽ ഉപതെരഞ്ഞെടുപ്പിൽ താനൂരിൽ നിന്നും 1996 ലും 2001 ലും തിരൂരങ്ങാടിയിൽ നിന്നുമാണ് ജയിച്ചത്. ഖബറക്കം ഇന്ന് രാത്രി 8:30 ന് താനൂരിലെ വടക്കെ പള്ളിയിൽ നടക്കും.

RNUTVPM

****************************************

ഹെഡ്‌ലൈൻ-5എ

## അനുശോചനം

മുൻ മന്ത്രി കുട്ടി അഹമ്മദ് കുട്ടിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പടെയുള്ളവർ

അനുശോചിച്ചു. മന്ത്രി എന്ന നിലയിലും നിയമസഭാംഗം എന്ന നിലയിലും ശ്രദ്ധേയമായ സാന്നിധ്യം പ്രകടമാക്കിയ പ്രമുഖ രാഷ്ട്രീയ നേതാവായിരുന്നു കുട്ടി അഹമ്മദ് കുട്ടിയെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

****************************************

ഹെഡ്‌ലൈൻ-6

**ശബരിമല (ഇൻട്രോ)**

നിറപുത്തരി പൂജക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് തുറക്കും. സന്നിധാനത്ത് നാളെ പുലർച്ചെയാണ് നിറപുത്തരി പൂജകൾ നടക്കുക.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയിസ്)

RNU TVPM

****************************************

**വഖഫ് ഭേദഗതി ബിൽ**

വഖഫ് ആക്റ്റ് ഭേദഗതി ബിൽ പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ട സാഹചര്യത്തിൽ വിശദ ചർച്ചയ്ക്കായി സംസ്ഥാന വഖഫ് ബോർഡിന്റെ യോഗം നാളെ കോഴിക്കോട് ഡിവിഷണൽ ഓഫീസിൽ ചേരും. വഖഫ് ബോർഡ് ചെയർപേഴ്സൺ എം കെ സക്കീർ ഉൾപ്പടെയുള്ളവർ യോഗത്തിൽ സംബന്ധിക്കും.

****************************************

## ഹെഡ്‌ലൈൻ-1

## ഒളിമ്പിക്സ്

വിശ്വകായിക മഹാമേള - പാരീസ് ഒളിമ്പിക്സിന് ഇന്ന് സമാപനം. അത്‌ലറ്റിക്സ് വേദിയായ സ്റ്റേഡ് ഡി ഫ്രാൻസിൽ ഇന്ത്യൻ സമയം രാത്രി 12.30 നാണ് 33-ാമത് ഒളിമ്പിക്സിന്റെ സമാപന ചടങ്ങ് ആരംഭിക്കുക. ചടങ്ങിൽ മലയാളി താരം പി. ആർ. ശ്രീജേഷും മനുഭാക്കറും ഇന്ത്യൻ പതാകയേന്തും. ചടങ്ങിനൊടുവിൽ 2028ലെ അടുത്ത ഒളിമ്പിക്സിന് വേദിയാവുന്ന ലോസ് ഏഞ്ചൽസ് പ്രതിനിധികൾക്ക് ഒളിമ്പിക് പതാക കൈമാറും. പാരീസ് ഒളിംപിക്സിലെ ഒന്നാം സ്ഥാനത്തിനായി അമേരിക്കയും ചൈനയും തമ്മിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടക്കുന്നത്. 39 സ്വർണ്ണമുൾപ്പെടെ 90 മെഡലുകളുമായി ചൈന ഒന്നാം സ്ഥാനത്തുള്ളപ്പോൾ 38 സ്വർണ്ണമെഡലടക്കം 122 മെഡലുകളുമായി അമേരിക്ക രണ്ടാം സ്ഥാനത്താണ്.

RNU TVPM

****************************************

## കേരള ടീം കോച്ച്

സന്തോഷ് ട്രോഫി ഫുട്ബോളിനുള്ള കേരള ടീമിന്റെ പരിശീലകനായി ബിബി തോമസിനെ നിയമിച്ചു. ഇന്ത്യയുടെ അണ്ടർ 16 വനിതാ ടീമിന്റെ ചുമതല വഹിച്ച ഇദ്ദേഹം തൃശൂർ രാമവർമപുരം സ്വദേശിയാണ്. സന്തോഷ് ട്രോഫി പ്രാഥമിക റൗണ്ട് മത്സരങ്ങൾക്ക് നവംബറിൽ തുടക്കമാകും.

****************************************

## കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ്

തിരുവനന്തപുരത്ത് നടക്കുന്ന പതിനാറാമത് ദേശീയ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിന് ഇന്ന് സമാപനമാകും. ദേശീയ കളരിപ്പയറ്റ് ഫെഡറേഷന്റെ നേതൃത്വത്തിൽ കാര്യവട്ടം LNCPE യിൽ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പിൽ 850 ലേറെ

താരങ്ങളാണ് മത്സരിക്കുന്നത്. വിവിധ ഇനങ്ങളിലായി സീനിയർ, ജൂനിയർ, സബ് ജൂനിയർ വിഭാഗങ്ങളിലാണ് മത്സരങ്ങൾ പുരോഗമിക്കുന്നത്.

****************************************

മഴ

സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNU TVPM

****************************************

## കണ്ണൂർ - ക്യൂ ആർ കോഡ് (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് അഭിപ്രായങ്ങൾ പങ്കുവെക്കാൻ ക്യു ആർ കോഡ് ഒരുങ്ങുന്നു. ഇതോടെ ജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും ഇനി അധികൃതരെ എളുപ്പത്തിൽ അറിയിക്കാനാകും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

**(വോയിസ്)**

****************************************

## തിരുവനന്തപുരം-കുടിവെള്ള പ്രശ്നം

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രധാന കുടിവെള്ള പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. വഴുതക്കാട് വാർഡിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരുന്ന 30 വീടുകളിൽ കുടിവെള്ളം എത്തിച്ചു. രണ്ടാഴ്ചക്കുള്ളിൽ ശുദ്ധജല വിതരണം കൃത്യമാക്കുമെന്നാണ് വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട അടുത്ത അവലോകന യോഗം ഈ മാസം 16 ന് ചേരും.

****************************************

## ലഹരി വിരുദ്ധ പ്രതിജ്ഞ

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കണ്ണൂരിൽ ലഹരി വിരുദ്ധ പ്രതിജ്ഞയും തന്മുദ്ര ജില്ലാതല പരിശീലനവും നാളെ ജില്ലാ കലക്ടർ അരുൺ കെ വിജയൻ ഉദ്ഘാടനം ചെയ്യും. രാജ്യത്തെ ലഹരി വിമുക്തമാക്കാനുള്ള കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയത്തിൻറെ നശാ മുക്ത് ഭാരത് അഭിയാൻ എന്ന പദ്ധതിയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

****************************************

## ഓണം സ്പെഷൽ ഡ്രൈവ്

ഓണത്തിന് മുന്നോടിയായി ഈ മാസം 14 മുതൽ അടുത്ത മാസം 20 വരെ പ്രത്യേക പരിശോധനകൾ നടത്തുമെന്ന് സംസ്ഥാന എക്സൈസ് വകുപ്പ്. ഓണക്കാലത്ത് വ്യാജമദ്യത്തിന്റെയും ലഹരി മരുന്നിന്റെയും വിതരണവും വിപണനവും ഫലപ്രദമായി തടയുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി വൻതോതിലുള്ള സ്പിരിറ്റ്, മാഹിയിൽ നിന്നുള്ള മദ്യം, വിദേശമദ്യം, ചാരായ വാറ്റ് എന്നിവയെക്കുറിച്ച് വിവരം

നൽകുന്നവർക്ക് പാരിതോഷികങ്ങൾ നൽകും. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് രാത്രികാല പട്രോളിങ് കാര്യക്ഷമമാക്കുമെന്നും എക്സൈസ് വകുപ്പ് അറിയിച്ചു.

***************************************

പാലക്കാട്-കുഴൽപ്പണം

പാലക്കാട് ചിറ്റൂരിൽ കാറിന്റെ സീറ്റുകൾക്കടിയിലെ രഹസ്യ അറയിൽ ഒളിപ്പിച്ചു കടത്താൻ ശ്രമിച്ച മൂന്ന് കോടിയോളം രൂപയുടെ കുഴൽപ്പണം പിടികൂടി. സംഭവത്തിൽ രണ്ടു പേരെ അറസ്റ്റ് ചെയ്തു. ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡും ചിറ്റൂർ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ഇവർ പിടിയിലായത്.

*

*********************

*********************************************************

RNU TVPM